(ഇ) സംസ്ഥാനത്ത് ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് ആസൂത്രിതമായ ഒരു സംരംഭം ഇല്ലാത്ത സാഹചര്യത്തിൽ, തൃശ്ശൂർ ജില്ലയിൽ പൊയ്യ-പൂപ്പത്തിയിൽ കെയ്കോയുടെ ഉടമസ്ഥതയിലുള്ള ഒരേക്കർ സ്ഥലത്ത് രാഷ്ട്രീയ കൃഷി വികാസ യോജന (RKVY) പദ്ധതിയിൽ ചക്ക സംസ്കരണ പ്ലാന്റ് നിർമ്മിച്ചു. ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളായ ചക്കയിൽ നിന്നുള്ള പൾപ്പ് (Nectar), ജാക്ക് ഫ്രൂട്ട് ടോഫി, ജാക്ക് ഫ്രൂട്ട് ബാർ, ചക്കക്കുരു പൊടി, ജാക്ക് ഫ്രൂട്ട് ഫ്ലേക്സ്, ചക്ക ഹൽവ എന്നിവയാണ് തുടക്കത്തിൽ ഇവിടെ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ആവശ്യമായ യന്ത്രസാമഗ്രികൾ സജ്ജമാക്കുകയും ചെയ്തു. വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനം ആരംഭിക്കുന്നതിന് ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും ലഭ്യമായിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനം ഉടൻ ആരംഭിക്കുന്നതാണ്. ഈ പ്ലാന്റിൽ ചക്ക അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം ആരംഭിക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ ചക്കയെ സർക്കാർ സംസ്ഥാന ഫലമായി പ്രഖ്യാപിച്ചിട്ടുണ്ട്.

## തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ജി.എസ്.ടി.യിലേയ്ക്ക് മാറ്റിയ നികുതികൾ

19 (*559) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽവന്നതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ പിരിച്ചിരുന്ന ഏതൊക്കെ നികുതികളാണ് ജി.എസ്.ടി.-യിലേക്ക് മാറ്റിയതെന്ന് അറിയിക്കുമോ; ഈയിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വരുമാനനഷ്ടം സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ജി.എസ്.ടി. പിരിച്ചതിന്റെ വിഹിതമായി സർക്കാരിന് ലഭിച്ച വരുമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത നികുതി പിരിവ് സംവിധാനം കാര്യക്ഷമമല്ല എന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് പഴയ രീതിയിലേക്ക് മാറ്റണമെന്ന ആവശ്യം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് ഈടാക്കിയിരുന്ന വിനോദ നികുതിയും പരസ്യ നികുതിയും ജി.എസ്.ടി. നിലവിൽവന്നതോടെ ജി.എസ്.ടി.യുടെ പരിധിയിൽ വന്നിട്ടുണ്ട്. വിനോദ നികുതി 2017 ജൂലായ് 1 മുതൽ ഒഴിവാക്കിക്കൊണ്ട് 24-6-2017-ലെ സ.ഉ. (കൈ.) നമ്പർ 123/ 2017/തസ്വഭവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

2016-17-ൽ പരസ്യ നികുതി, വിനോദ നികുതി എന്നീ ഇനങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ 10,41,06,601 രൂപ ശേഖരിച്ചിരുന്നു. എന്നാൽ 2017-18-ൽ ജി.എസ്.ടി. നിലവിൽവരുന്നതിന് മുൻപായി 4,03,99,469 രൂപ മാത്രമേ ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമായിട്ടുള്ളൂ.

വിനോദ നികുതിയിനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 86,34,95,811 രൂപയും 2017-18 (ജൂൺ 30 വരെ) 24,51,31,757 രൂപയും നഗരസഭകൾക്ക് ലഭ്യമായിട്ടുള്ളതാണ്.

(ബി) 2018-19 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 206 പ്രകാരം 2017-18-ലെ വിനോദ നികുതിയുടെ നഷ്ടപരിഹാരമായി 133 കോടി രൂപ അനുവദിക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 2015-16-ൽ ഓരോ പ്രാദേശിക സർക്കാരും പിരിച്ച വിനോദ നികുതിക്ക് ആനുപാതികമായിട്ടാണ് നൽകുക.

(സി) ഇത്തരം ഒരു ആവശ്യം പരിഗണനയിലില്ല.

## കൃഷിയിടങ്ങൾക്ക് അനുയോജ്യമായ കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കാൻ നടപടി

20 (*560) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിയിടങ്ങൾ വിസ്തൃതി വളരെ കുറഞ്ഞവയാണെന്നത് കണക്കിലെടുത്ത് അതിനനുയോജ്യമായ കാർഷിക ലഘുയന്ത്രങ്ങൾ വികസിപ്പി ച്ചെടുക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;